**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **16-03-2022 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. കാർഡ് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അർഹതപ്പെട്ട മുഴുവൻ ജനങ്ങൾക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗരപ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതായുള്ളത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങളാണ്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കത്തു നൽകിയിട്ടുണ്ട്. ഇതോടൊപ്പം അനർഹരെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കി പ്രസ്തുത ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ബി.പി.എൽ. കാർഡ് ലഭിക്കാൻ സംസ്ഥാനത്തിന് അനുവദിച്ച ക്വാട്ട വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ